# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 445
### (03.03.2020-ലെ മറുപടിക്ക്)

**<u>ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്ക് പുതിയ കെട്ടിടം</u>**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. പി.കെ ശശി<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മണ്ഡലത്തിലുള്ള ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | ഉണ്ട്. 2018-19 ബജറ്റിൽ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുള്ളതും പൊതുമരാമത്ത് വിഭാഗം പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളതുമാണ്. |
| (ബി) | എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള അംഗീകൃത പ്ലാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈനിങ്ങിനു വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തുക നിർണ്ണയിക്കപ്പെടുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ; വിശദാംശം നൽകുമോ? | ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്കു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഒറ്റപ്പാലം താലൂക്കിൽ ചെർപ്പുളശ്ശേരി വില്ലേജിൽ 20 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് സ്വന്തം ഫണ്ടിലാണ് നിർവ്വഹിക്കാൻ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത് വകുപ്പ് പ്രസ്തുത ട്രഷറി കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും സർക്കാരിനു സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതിക്ക് വിധേയമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ